## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2061.** **05.10.2016 ന് മറുപടിയ്ക്ക്**

## പട്ടാമ്പിയിൽ എക്സൈസ് ഓഫീസിനു കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | താലൂക്ക് ആസ്ഥാനമായ പട്ടാമ്പിയിൽ എക്സൈസ് ഓഫീസിനു മതിയായ സൗകര്യങ്ങളോടു കൂടിയ കെട്ടിടം ഉണ്ടോ; ഇല്ലെങ്കിൽ സ്വന്തമായ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പട്ടാമ്പി മിനി സിവിൽ സ്റ്റേഷനിലാണ് പട്ടാമ്പി എക്സൈസ് റെയ്ഞ്ച് ഓഫീസ് പ്രവർത്തിക്കുന്നത്. ഇവിടുത്തെ സൗകര്യങ്ങൾ പര്യാപ്തമാണ്. |
| (ബി) | മദ്യനിരോധനം ഈ മേഖലയിൽ കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കളുടെ അമിത ഉപയോഗത്തിനു കാരണമായി എന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇത്തരം ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടാമ്പി മേഖലയിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധവത്ക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 1993 സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണം നടത്തി വരുന്നു. അതോടൊപ്പം ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ സ്കൂൾ-കോളേജുകളിലും പ്രദർശനം നടത്തിയും, ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വരുന്നു. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരോ |

| | | | |
|---|---|---|---|
| | | | മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം, സൂക്ഷിപ്പ് എന്നിവ സംബന്ധിക്കുന്ന പരാതികൾ അറിയിക്കുന്നതിനു വേണ്ടി ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്കൂൾ-കോളേജുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതി പ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ പ്രോത്സാഹനാർത്ഥം സംസ്ഥാനതലത്തിൽ മികച്ച ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം, ലഹരിവിരുദ്ധ ക്ലബ്ബുകളുടെ മികച്ച മാസികകൾ, മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡുകളും, സർട്ടിഫിക്കറ്റുകളും നൽകി വരുന്നു. |
| (സി) | പട്ടാമ്പിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കാനുള്ള നടപടികൾ ഈ സർക്കാർ ആലോചിക്കുന്നുണ്ടോ? | (സി) | പാലക്കാട് ജില്ലയിലെ പുതിയ താലൂക്ക് ആണ് പട്ടാമ്പി. നിലവിൽ ടി മേഖല ഒറ്റപ്പാലം എക്സൈസ് സർക്കിൾ ആഫീസിന്റെ അധികാര പരിധിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഒറ്റപ്പാലം എക്സൈസ് സർക്കിൾ ഓഫീസ് പരിധിയിൽ നിലവിൽ 4 എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച പട്ടാമ്പി താലൂക്കും ഉൾപ്പെടെ 12 താലൂക്കുകളിൽ 12 എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് വിഷയം പരിശോധിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**